# പതിനാലാം കേരളം നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3137

14.03.2018-ൽ മറുപടിക്ക്

ഉത്തരം

ചോദ്യം

ശ്രീ.വി.ടി.ബൽറാം

പിണറായി വിജയൻ
(മുഖ്യമന്ത്രി)

### അർഹമായ ആനുകൂല്യം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാനത്തിന് അർഹമായ ആനുകൂല്യം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ; | (എ) 2018-19 --ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് അർഹമായ ആനുകൂല്യം നേടിയെടുക്കുന്നതിന് സർക്കാർ തലത്തിൽ കേന്ദ്ര ധനകാര്യ മന്ത്രിക്ക് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:<br>1. 2018-19--ൽ പൊതുവിപണിയിൽ നിന്നും കടമെടുക്കാവുന്ന പരിധി ജി.എസ.ഡി.പി. - യുടെ 3.5 ശതമാനമായി അനുവദിക്കുക<br>2. കേന്ദ്ര നികുതി വിഹിതം എല്ലാ മാസത്തിന്റെയും തുടക്കത്തിൽ നൽകുക, ജി.എസ്.ടി.-യുടെ നഷ്ടപരിഹാരം മാസത്തവണയായി അനുവദിക്കുക<br>3. മുൻകാലങ്ങളിൽ കേന്ദ്ര നികുതി വിഹിതം നല്കിയതിലുണ്ടായ കുറവ് നികത്തുക<br>4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കുറഞ്ഞ കേന്ദ്ര വിഹിതം 75 ശതമാനമാക്കി ഉയർത്തുകയും കേന്ദ്ര വിഹിതം വിനിയോഗ സർട്ടിഫിക്കറ്റ് കൂടാതെ തന്നെ രണ്ടോ മൂന്നോ തവണകളായി അനുവദിക്കുകയും ചെയ്യുക<br>5. പ്രകൃതി ക്ഷോഭങ്ങളെ നേരിടുന്നതിലേക്കായി സംസ്ഥാനത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുക<br>6. സാമൂഹ്യ സുരക്ഷാ / ക്ഷേമ പെൻഷനുകൾ ഏറ്റവും കുറഞ്ഞത് 1000 രൂപയായി ഉയർത്തുക<br>7. 50 രൂപ കേന്ദ്ര സഹായത്തോടു കൂടി റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 200 രൂപയാക്കി ഉയർത്തുക<br>8. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) -- യുടെ കീഴിലുള്ള കുടുംബ വാർഷിക ആരോഗ്യ ഇൻഷുറൻസ് |

പരിരക്ഷ 30000 രൂപയിൽ നിന്നും 100000 രൂപയായി വർധിപ്പിക്കുക

9. കണ്ണൂരിൽ അന്തർദേശീയ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക

10. സി.എൻ. ജി. - യിൽ പ്രവർത്തിക്കുന്ന ഒരു യൂറിയ പ്ലാന്റ് കേരളത്തിന് അനുവദിക്കുക

11. കൊച്ചി - ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കുക

12. കേരളം ഫൈബർ ഓപ്റ്റിക്കൽ നെറ്റ് വർക്കിന് ഫണ്ട് നീക്കി വയ്ക്കുക

13. കേരളത്തിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് തുടങ്ങുക

14. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ആരോഗ്യനിധി പദ്ധതിയിൽ തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്റർ കൂടി ഉൾപ്പെടുത്തുക

15. അങ്കമാലി - ശബരി റെയിൽ പ്രോജക്ടിന് ആവശ്യമായ ഫണ്ട് വകയിരുത്തുക

16 തിരുവനന്തപുരം - കാസർഗോഡ് കോറിഡോർ പ്രോജക്ടിന് അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക

17 തലശ്ശേരി - മൈസൂർ റെയിൽ പാത നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് വേണ്ടിയുള്ള ഇക്വിറ്റി വിഹിതം അനുവദിക്കുക

18 തിരുവനന്തപുരം- തൂത്തുക്കുടി റോഡ് കം റെയിൽവേ കണക്ടിവിറ്റി സാധ്യതാ പഠനത്തിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക

19 പശ്ചിമ തീര കനാൽ നീട്ടുന്നത് സംബന്ധിച്ച പദ്ധതി പ്രഖ്യാപിക്കുക

**സെക്ഷൻ ഓഫീസർ**